**പ്രതിവാരം**

**സീതി**

# ഈ പുസ്തകം മെഗാസ്ക്രീനിൽ കാണിക്കൂ

**'മേത്തരം** മെത്തകളും ഇസ്‌ലാമിക നവോത്ഥാനവും' എന്ന തലക്കെട്ടിൽ *പ്രതിവാര*ത്തിൽ വന്ന ലേഖനത്തോട് ടെലിഫോൺ, എസ്.എം.എസ്, ഇ-മെയിൽ എന്നിവയിലൂടെ ഒട്ടേറെ സുഹൃത്തുക്കൾ പ്രതികരിക്കുകയുണ്ടായി. ദീനീപ്രവർത്തനമെന്നും ഇസ്‌ലാമിക വൈജ്ഞാനിക സദസ്സെന്നുമൊക്കെ പേരു വിളിച്ച് നാടിന്റെ നാനാഭാഗങ്ങളിൽ മൈക്ക് കെട്ടി നടക്കുന്ന ആഭാസങ്ങളെക്കുറിച്ച വേദനയാണ് അവരെല്ലാം പങ്കുവെച്ചത്. മുമ്പ് മലബാറിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ഈ പ്രവണത ഇപ്പോൾ പയ്യെപ്പയ്യെ തെക്കൻ കേരളത്തിലും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ചിലയിടങ്ങളിൽ ഖണ്ഡന പ്രതിഖണ്ഡന പ്രഭാഷണ മെഗാപരമ്പരകൾ അവസാനിക്കാതെ നീണ്ടു പോയപ്പോൾ നാട്ടുകാർ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയ സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ഇനിയിപ്പോൾ, പരീക്ഷയും മഴയും മാറിനിന്ന മധ്യവേനലവധിക്കാലത്ത് ഈ പരിപാടിക്ക് ആക്കം കൂടുമെന്നും ആശങ്കിക്കപ്പെടുന്നു. അതിനാൽ അടിയന്തരമായി മഴക്കു വേണ്ടിയുള്ള പ്രത്യേക പ്രാർഥനാ ചടങ്ങുകൾ സംഘടിപ്പിച്ച് രക്ഷപ്പെടാനുള്ള വഴികളുണ്ടോ എന്നാലോചിക്കേണ്ടിയിരിക്കുന്നു.

ആളുകൾക്ക് തിരിയുന്നതും തിരിയാത്തതുമായ മസ്അലകളെക്കുറിച്ച് കിതാബുകളിൽനിന്ന് ഉദ്ധരണികൾ വാരിക്കോരിയിട്ട് നടത്തുന്ന വാഗ്‌യുദ്ധത്തിനാണ് ഇവർ മുഴുവൻ ദീനീസ്നേഹികളെയും ഹാർദമായി ക്ഷണിച്ചുകൊണ്ടിരിക്കുന്നത്. ദീനിന്റെ തന്നെ ഭാഗമായ അഭിപ്രായാന്തരങ്ങളെയും വീക്ഷണവൈജാത്യങ്ങളെയും ഉൾക്കൊള്ളാനോ തിരിച്ചറിയാനോ സാധിക്കാതെ പരസ്പരം കാഫിറും മുശ്‌രിക്കും മുബ്തദിഉം ആക്കി ഈ ജൈത്രയാത്ര മുന്നോട്ടുപോവുക തന്നെയാണ്. ഗ്രാമഗ്രാമാന്തരങ്ങളിൽ ദീനീ ജെല്ലിക്കെട്ടുത്സവങ്ങൾ അരങ്ങു തകർക്കുന്നു. ഗൗരവബോധമുള്ളവർ സമുദായത്തിലും സമുദായ നേതൃത്വത്തിലുമുണ്ടെങ്കിൽ ഇതിന് വല്ല പരിഹാരവും കാണേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നിസ്സാരവും ശാഖാപരവുമായ കാര്യങ്ങളെക്കുറിച്ചുള്ള അഭിപ്രായാന്തരങ്ങളാണ് എല്ലാവരും തർക്കിച്ചു പരിഹരിക്കാൻ ശ്രമിക്കുന്നത്. മെഗാസ്ക്രീനുകൾ ഉപയോഗിച്ച് അപരന്റെ പ്രസംഗവും അതിലെ വാക്കുപിഴകൾ പോലും എടുത്തുകാണിച്ച് നല്ലൊരു എന്റർടെയ്ൻമെന്റ് ആകാനും ഇത്തരം ഇൽമിന്റെ സദസ്സുകൾക്ക് സാധിക്കുന്നുണ്ട്.

മെഗാസ്ക്രീൻ മതപ്രഭാഷണങ്ങളുടെ ഈ വേനൽപ്രളയത്തിൽ ആവർത്തിച്ചു വായിക്കാൻ ഒരു പുസ്തകം ശിപാർശ ചെയ്യുക മാത്രമാണ് ഇപ്പോൾ ചെയ്യുന്നത്. അല്ലാമാ ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവിയുടെ (ഹിജ്റ 1114-1176) *അൽ ഇൻസാഫു ഫീ ബയാനി അസ്ബാബിൽ ഇഖ്തിലാഫ്* എന്ന ഗ്രന്ഥം. ഐ.പി.എച്ച് 1993-ൽ *കർമശാസ്ത്ര ഭിന്നതകൾ: ചരിത്രവും സമീപനവും* എന്ന പേരിൽ ഇത് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവർത്തനം: കെ.ടി അബ്ദുർറഹ്മാൻ നദ്‌വി. 88 പേജ്.

'ഇസ്‌ലാമിക സമൂഹത്തിലുണ്ടാവുന്ന അഭിപ്രായഭിന്നതകളുടെ കാരണം മനസ്സിലാക്കാനും അല്ലാഹുവിന്റെയും റസൂലിന്റെയും ദൃഷ്ടിയിൽ സത്യമായത് ഏതെന്നറിയാനും ഉതകുന്ന, സത്യ-നീതികളുടെ ഒരു തുലാസ് അനുഗൃഹീത സന്ദർഭത്തിൽ അല്ലാഹു എനിക്ക് വെളിപ്പെടുത്തിത്തന്നു. അതോടൊപ്പം സംശയങ്ങൾക്കിടയില്ലാത്തവിധം അത് സുവ്യക്തമായി വിശദീകരിക്കാനുള്ള കഴിവും അവൻ എനിക്കരുളി. അനന്തരം, സ്വഹാബിമാർക്കിടയിലും അവർക്കുശേഷം സമുദായത്തിലെ പ്രഗത്ഭരായ പണ്ഡിതന്മാർക്കിടയിലും അഭിപ്രായാന്തരങ്ങൾ-വിശിഷ്യാ ഫിഖ്ഹ് സംബന്ധമായ വീക്ഷണ വൈജാത്യങ്ങൾ- ഉടലെടുക്കാൻ കാരണമെന്ത് എന്ന ചോദ്യത്തെ ഞാൻ അഭിമുഖീകരിച്ചു. ദൈവാനുഗ്രഹത്താൽ എനിക്ക് വെളിപ്പെട്ടുകിട്ടിയ യാഥാർഥ്യങ്ങളിലൊരംശം സമയപരിമിതിയും ചോദ്യകർത്താവിന്റെ ഗ്രാഹ്യതയും പരിഗണിച്ചുകൊണ്ട് വിശദീകരിക്കാൻ ഞാൻ സന്നദ്ധനായി. അങ്ങനെ ഇവ്വിഷയകമായി പ്രയോജനകരമായ ഒരു ലഘുകൃതി തയാറായി. അതിന് *അൽ ഇൻസാഫു ഫീ ബയാനി അസ്ബാബിൽ ഇഖ്തിലാഫ്* എന്നു നാമകരണവും ചെയ്തു-മുഖവുരയിൽ ശാഹ് വലിയ്യുല്ലാഹ് പറയുന്നു.

പതിനൊന്ന് ലഘു അധ്യായങ്ങൾ. കർമശാസ്ത്രപരവും നിയമപരവുമായ അഭിപ്രായ വൈജാത്യങ്ങളുടെ ചരിത്രവും പശ്ചാത്തലങ്ങളും വിവരിക്കുകയാണ്. അവയുടെ അടിസ്ഥാനങ്ങളിലേക്ക് അദ്ദേഹം ആഴത്തിൽ പരതിനടക്കുന്നു. ഈ വൈജാത്യങ്ങളെയും വൈവിധ്യങ്ങളെയും ഇസ്‌ലാമിക സമൂഹം എങ്ങനെ കരുത്താക്കിമാറ്റി എന്ന വലിയ പാഠം അദ്ദേഹം നമുക്ക് പറഞ്ഞുതരുന്നു. വൈജാത്യങ്ങളെ പരസ്പരം ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന സ്വഹാബിമാരുടെയും ഫുഖഹാഇന്റെ ഇമാമുമാരുടെയും ചരിത്രപാഠങ്ങൾ അദ്ദേഹം വിശദീകരിക്കുന്നു.

ഉബാദത്തതുബ്നു ബിസിറിൽ കിന്ദിയോട് ഒരിക്കൽ ഒരാൾ ചോദിച്ചു: 'ഉറ്റവരുടെ അഭാവത്തിൽ മരണമടഞ്ഞ സ്ത്രീയെ ആരാണ് കുളിപ്പിക്കേണ്ടത്?' ഉബാദയുടെ മറുപടി ഇപ്രകാരം: 'നിങ്ങളെപ്പോലെ മുരട്ടുവാദികളല്ലാത്ത സംഘത്തെ കണ്ടിട്ടില്ലാത്തവനാണ് ഞാൻ. നിങ്ങളെപ്പോലെ പ്രശ്നങ്ങളെ സങ്കൽപിച്ചുണ്ടാക്കി ചോദിക്കുന്നവരായിരുന്നില്ല അവർ' (പേജ് 12). സാങ്കൽപിക മസ്അലകൾ സൃഷ്ടിച്ച് അന്യ കക്ഷിയുടെ അതിലെ നിലപാടുകളെക്കുറിച്ച് തർക്കിച്ചുകൊണ്ടിരിക്കുന്നവർ ഇതൊക്കെ മനസ്സിരുത്തി വായിച്ചാൽ നന്നാവും. സാധാരണ ഗതിയിൽ ഗൗരവപ്പെട്ടതെന്ന് നമുക്ക് തോന്നാവുന്ന ഒരു മസ്അലയെ സ്വഹാബി എങ്ങനെ നേരിട്ടു എന്നാണ് നാം കാണുന്നത്. ഇമാം ശാഫിഈ ഇമാം അബൂഹനീഫയുടെ ഖബ്റിനരികെ സ്വുബ്ഹ് നമസ്കരിച്ചപ്പോൾ അദ്ദേഹത്തോടുള്ള ആദരവ് കൊണ്ട് ഖുനൂത്ത് ഉപേക്ഷിച്ച സംഭവവും ശാഹ് ഉദ്ധരിക്കുന്നുണ്ട് (പേജ് 85).

സുന്നികളും സലഫികളും ശാഹ് വലിയ്യുല്ലാഹിയെ അംഗീകരിക്കുന്നവരാണ്. മഹാനായ മുജ്തഹിദായി എല്ലാവരും അദ്ദേഹത്തെ കാണുന്നു. അതിനാൽ ഈ പുസ്തകം മുഴുവൻ മതപ്രഭാഷകരും മൗലവിമാരും മുസ്‌ലിയാക്കളും നിർബന്ധമായും വായിക്കേണ്ടതു തന്നെ. മുഴുവൻ മെഗാസ്ക്രീനുകളിലും ശാഹ് വലിയ്യുല്ലാഹിയുടെ വാക്കുകൾ തെളിയട്ടെ. ■